കേരള സർക്കാർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

## കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ

## എൻജിനീയറിംഗ് പ്രോഗ്രാമുകളിലേയ്ക്കുള്ള

പ്രവേശനം 2022-23

# പ്രോസ്പക്ടസ്

തയ്യാറാക്കിയത്: സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് ആൻഡ് റിസർച്ച്, കളമശ്ശേരി

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം**
**തിരുവനന്തപുരം.**

പ്രോസ്പക്ടസും അപേക്ഷാഫോറവും ലഭ്യമാകുന്ന വെബ്ബ് സൈറ്റ്:
polyadmission.org/kgce

**കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ എൻജിനീയറിംഗ് പ്രോഗ്രാമുകളിലേയ്ക്കുള്ള**
**പ്രവേശനം 2022-23 - പ്രധാന തീയതികൾ**

| ക്രമ നമ്പർ | വിഷയം | തീയതി |
|---|---|---|
| 1 | ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നത് ആരംഭിക്കുന്ന തീയ്യതി | 05.12.2022 |

## ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | പേജ് നം. |
|---|---|---|
| 1 | ആമുഖം | 4 |
| 2 | പ്രോഗ്രാം, സ്ഥാപനങ്ങളും സീറ്റുകളും | 4 |
| 3 | പ്രോഗ്രാം കാലാവധി | 5 |
| 4 | പ്രവേശന യോഗ്യത | 5 |
| 5 | പ്രോസ്പക്ടസ്, രജിസ്ട്രേഷൻ ഫീ , അപേക്ഷ സമർപ്പിക്കൽ | 5 |
| 6 | തെരഞ്ഞെടുപ്പ് രീതി | 6 |
| 7 | പ്രവേശനം | 7 |
| 8 | ഫീസ് | 7 |
| 9 | അറിയിപ്പ് | 7 |

# കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ എൻജിനീയറിംഗ് പ്രോഗ്രാമുകളിലേയ്ക്കുള്ള

### 2022-23 അദ്ധ്യയന വർഷത്തെ പ്രവേശനത്തെ സംബന്ധിച്ച വിവരങ്ങൾ

---

## 1. ആമുഖം:

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അംഗീകരിച്ച 2022-23 അധ്യയന വർഷത്തെ കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ എൻജിനീയറിംഗ് പ്രോഗ്രാമുകളിലേയ്ക്കു (ഈവനിംഗ് പ്രോഗ്രാം ഉൾപ്പെടെ)പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പ്രവേശനം സംബന്ധിച്ച പൊതു വിവരങ്ങളും നിയമങ്ങളും നിബന്ധനകളും ഇതിൽ ഉൾക്കൊള്ളുന്നു. അപേക്ഷകർ ഈ പ്രോസ്പക്ടസ് ജാഗ്രതയോടെ/ശ്രദ്ധയോടെ വായിക്കുകയും അതിൽ സൂചിപ്പിക്കുന്ന പ്രവേശനം സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതുമാണ്. മുൻ വർഷങ്ങളിൽ കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പക്ടസ് 2022-23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ബാധകമായിരിക്കുന്നതല്ല.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകൾ നടത്തുന്ന സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനും പ്രവേശനത്തിനുമുള്ള നിയമങ്ങളും നിയന്ത്രണങ്ങളും പ്രോസ്പെക്ടസ് പ്രതിപാദിക്കുന്നു. പ്രവേശനത്തിനുള്ള യോഗ്യത പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ / ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് മുഗണന നൽകി കൊണ്ട് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിലാണ് പ്രോഗ്രാം പ്രവേശനം ക്രമപ്പെടുത്തിയിരിക്കുന്നത്.

വിജ്ഞാപനങ്ങൾക്കും അറിയിപ്പുകൾക്കുമായി ഉദ്യോഗാർത്ഥികൾ അഡ്മിഷൻ പോർട്ടൽ www.polyadmission.org/kgce സന്ദർശിക്കേണ്ടതുണ്ട്.

ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട അധികാരി നടത്തിയേക്കാവുന്ന പരിഷ്കാരങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഒഴിവാക്കലുകൾക്കും ഈ പ്രോസ്പക്ടസ് വിധേയമായിരിക്കും. പ്രവേശനത്തിനുള്ള അപേക്ഷ ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. One-Time Registration പ്രക്രിയ ഫീസ് ഓൺലൈനായി അടച്ച് പൂർത്തിയാക്കിയതിനു ശേഷം മാത്രമേ അപേക്ഷ സമർപ്പണം സാധിക്കുകയുള്ളു.

കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ സ്ഥാപനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകൾ നടത്തുന്ന സ്വാശ്രയ സ്വകാര്യ പരിശീലന കേന്ദ്രങ്ങളാണ്. യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനും അതിലൂടെ രാജ്യത്തെ വ്യാവസായിക പുരോഗതിക്കാവശ്യമായ പ്രതിഭകളെ വാർത്തെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നവയാണ് കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകൾ. ടി പ്രോഗ്രാമുകളുടെ 2022-23 അദ്ധ്യയന വർഷത്തെ പ്രവേശനം സംബന്ധിച്ച് വിശദ വിവരങ്ങൾ.

## 2. പ്രോഗ്രാം, സ്ഥാപനങ്ങളും സീറ്റുകളും

പത്താം ക്ലാസ്സ് വിജയിച്ചവർക്കാണ് കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നത്. അഗ്രോമെഷീനറി, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, റെഫ്രിജിറേഷൻ ആൻഡ് എയർകണ്ടീഷനിംഗ് എന്നീ എഞ്ചിനീയറിംഗ് വിഷയങ്ങളാണ് പ്രധാനമായും കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകളിലൂടെ പരിശീലനം നൽകുന്നത്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ പ്രോഗ്രാമുകളുടെ സിലബസ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് & റിസർച്ച് (SITTTR) തയ്യാറാക്കുന്നു. പ്രവേശനം, അക്കാദമിക് മോണിറ്ററിങ് തുടങ്ങിയ ചുമതലകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം / അതാത് മേഖല കാര്യാലയം എന്നീ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പരീക്ഷ നടത്തിപ്പ്, സർട്ടിഫിക്കറ്റ് വിതരണം എന്നിവ സാങ്കേതിക പരീക്ഷ കൺട്രോളറുടെ കാര്യാലയമാണ്

നിർവഹിക്കുന്നത്. കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പാസ്സായ വിദ്യാർത്ഥികൾക്ക് പോളിടെക്നിക് എഞ്ചിനീയറിംഗ് ഡിപ്ലോമ രണ്ടാം വർഷത്തേക്ക് ലാറ്ററൽ എൻട്രി വഴി പ്രവേശനത്തിന് അർഹതയുണ്ട്. സർക്കാർ അംഗീകാരത്തിനു വിധേയമായി കെ ജി സി ഇ റിവിഷൻ 2022 കരിക്കുലം അനുസരിച്ചായിരിക്കും 2022-23 അധ്യായന വർഷം ക്ലാസ്സുകൾ നടത്തുക.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകൾ നടത്തുന്നതിനായി 2022-23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനു ഉൾപ്പെട്ട സംസ്ഥാനത്തെ കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ സ്വകാര്യ സ്ഥാപനങ്ങൾ, അനുവദിച്ച സീറ്റുകൾ, റഗുലർ/ഈവനിംഗ് പ്രോഗ്രാം, എന്നീ വിവരങ്ങൾ അനുബന്ധം - I പട്ടികയിൽ ലഭ്യമാണ്.

**3. പ്രോഗ്രാം കാലാവധി** : ഈ പ്രോഗ്രാമിന്റെ കാലാവധി രണ്ട് വർഷവും കൂടാതെ ഇതിനോടനുബന്ധിച്ച 8 ആഴ്ചകൾ (4+4) ദൈർഘ്യമുള്ള On the Job Training (OJT) യും ഉണ്ടായിരിക്കുന്നതാണ്.

**4. പ്രവേശന യോഗ്യത:**

4.1 അപേക്ഷകർ ഇന്ത്യൻ പൗരനായിരിക്കണം

4.2 എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ എഴുതി ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.

4.3 പ്രായ പരിധി: ഉയർന്ന പ്രായ പരിധിയില്ല.

**5. പ്രോസ്പെക്ടസ്, രജിസ്ട്രേഷൻ ഫീ , അപേക്ഷ സമർപ്പിക്കൽ :–**

വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസ് 05.12.2022 മുതൽ www.polyadmission.org/kgce എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

5.1 05.12.2022 മുതൽ www.polyadmission.org/ kgce എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ **ഓൺലൈനായി** സമർപ്പിക്കാവുന്നതാണ്.

5.2 കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകൾ നടത്തുന്ന സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലേക്ക് അപേക്ഷിക്കുന്നതിന് അഡ്മിഷൻ പോർട്ടലിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നിർബന്ധമാണ്.

5.3 ഓരോ അപേക്ഷകനും പ്രവേശന പോർട്ടലിൽ ഒറ്റ തവണ രജിസ്ട്രേഷൻ (One-Time Registration) പ്രക്രിയ പൂർത്തിയാക്കണം. One-Time Registration ഫീസ് ആയി 100 രൂപ (പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർ സൗജന്യമായും) ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5.4 One-Time Registration പ്രക്രിയ പൂർത്തീകരിക്കുവാനായി സാധുവായ മൊബൈൽ നമ്പർ, സാധുവായ ഇമെയിൽ ഐഡി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്. ഈ മൊബൈൽ നമ്പർ അപേക്ഷകന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറായി കണക്കാക്കുകയും പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും (OTP ഉൾപ്പെടെ) പൂർത്തിയാകുന്നത് വരെ അവശ്യമായിരിക്കുകയും ചെയ്യും. One-Time Registration പ്രക്രിയയ്ക്ക് ശേഷം അപേക്ഷകർക്ക് സിസ്റ്റം ജനറേറ്റഡ് രജിസ്ട്രേഷൻ നമ്പർ ലഭിക്കും.

5.5 സമയ പരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകളും അപൂർണ്ണവുമായ അപേക്ഷകളും മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

5.6 തെറ്റായ വിവരങ്ങൾ നൽകി പ്രവേശനത്തിന് ശ്രമിക്കുന്നത് കുറ്റകരവും പ്രവേശനം റദ്ദുചെയ്യുന്നതിനും കാരണമാകുന്നതുമാണ്.

5.7 എല്ലാ കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകൾ നടത്തുന്ന സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലും അധ്യാപകരെയും അനധ്യാപകരെയും ഉൾപ്പെടുത്തി ഹെൽപ്പ് ഡസ്കുകൾ പ്രവർത്തിക്കുന്നതാണ്.

5.8 എങ്ങനെ അപേക്ഷിക്കാം?

One-Time Registration പ്രക്രിയ പൂർത്തീകരിച്ചതിനു ശേഷം രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറോ, രജിസ്ട്രേഷൻ നമ്പർ മുഖേന ലഭിക്കുന്ന OTP യോ ഉപയോഗിച്ച് അപേക്ഷകന് www.polyadmission.org/kgce എന്ന പ്രവേശന പോർട്ടലിൽ ലോഗിൻ ചെയ്യാവുന്നതാണ്.

1. അപേക്ഷകന്റെ ലോഗിൻ വഴി ഇനിപ്പറയുന്ന വിഭാഗങ്ങൾക്ക് വ്യത്യസ്ത ലിങ്കുകൾ ലഭ്യമാണ്
   i) റഗുലർ പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷ
   ii) ഈവനിംഗ് പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷ

2. ഒന്നിൽ കൂടുതൽ കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകൾ നടത്തുന്ന സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന അപേക്ഷകൻ സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത് പ്രത്യേകം പ്രത്യേകം അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ പ്രവേശനത്തിന്റെ അവസാന തീയതി വരെ സമർപ്പിക്കാവുന്നതാണ്.

3) അപേക്ഷകർക്ക് തങ്ങളുടെ ലോഗിനിലെ Dashboard ഇൽ സമർപ്പിച്ച എല്ലാ അപേക്ഷകളും കാണാൻ കഴിയും.

4) One-Time Registration പ്രക്രിയ പൂർത്തിയാക്കിയ അപേക്ഷകർക്ക് എത്ര കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ പ്രോഗ്രാമുകൾ നടത്തുന്ന സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലേയ്ക്ക് വേണമെങ്കിലും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

6. **തെരഞ്ഞെടുപ്പ് രീതി:**

ഓരോ സ്ഥാപനങ്ങളിലും പ്രവേശനം നേടിയ വിദ്യാർഥികളുടെ (റഗുലർ / ഈവനിംഗ്) വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, എന്നിവയോടൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന് SSLC/THSLC തത്തുല്യ യോഗ്യത മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്, NOC എന്നീ പ്രമാണങ്ങളുടെ അസ്സൽ രേഖകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം / അതാത് മേഖല കാര്യാലയം എന്നീ സ്ഥാപനങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കായി അതാത് സ്ഥാപനമേധാവികൾ അവരുടെ കൈവശം സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

6.1 **റഗുലർ പ്രോഗ്രാം**

6.11 റാങ്ക് ലിസ്റ്റ് അതാത് സ്ഥാപനങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

6.12 എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷയുടെ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡ് പോയിന്റ് ആസ്പദമാക്കിയാണ് അതാത് സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭിച്ച അപേക്ഷകളിൽ നിന്നു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

6.13 മൊത്തം ഗ്രേഡ് പോയിന്റ് ആകെ വിഷയങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ശരാശരി ഗ്രേഡ് പോയിന്റ് കണക്കാക്കുന്നു.

6.14. പഴയ സ്കീമനുസരിച്ചുള്ള എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയുടെ മാർക്കുകൾ ഗ്രേഡ് പോയിന്റിലേക്ക് പരിവർത്തനം ചെയ്യുന്നു. പഴയ സ്കീം യോഗ്യത പരീക്ഷയുടെ മാർക്കും ആനുപാതിക ഗ്രേഡ് പോയിന്റും താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| ***ഗ്രേഡ്*** | എ+ | എ | ബി+ | ബി | സി+ | സി | ഡി+ |
|---|---|---|---|---|---|---|---|
| ***മാർക്ക്*** | >=90 | >=80 | >=70 | >=60 | >=50 | >=40 | >=30 |
| ***പോയിന്റ്*** | 9 | 8 | 7 | 6 | 5 | 4 | 3 |

6.2 ഈവനിംഗ് പ്രോഗ്രാം

6.21 **അനുവദിച്ചിരിക്കുന്ന സീറ്റുകളുടെ 50% എങ്കിലും സീറ്റുകളിലേയ്ക്ക് വിദ്യാർഥികൾ അഡ്മിഷൻ എടുക്കും എന്നുറപ്പുള്ള സ്ഥാപനങ്ങളിൽ മാത്രമേ ഈവനിംഗ് പ്രോഗ്രാമിനു ഫീസ് വാങ്ങി പ്രോഗ്രാം നടത്താൻ പാടുള്ളൂ..**

6.22 റാങ്ക് ലിസ്റ്റ് അതാത് സ്ഥാപനങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

6.23 നിബന്ധന 6.1 ൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി പരിചയത്തിന്റെ വെയിറ്റേജ് കൂടി ചേർത്ത് പ്രവൃത്തി പരിചയമുള്ളവരുടെ റാങ്ക് ലിസ്റ്റും പ്രവൃത്തി പരിചയമില്ലാത്തവരുടെ റാങ്ക് ലിസ്റ്റും പ്രത്യേകം പ്രത്യേകം അതാത് സ്ഥാപനങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

6.24 ഏതെങ്കിലും സർക്കാർ / അർദ്ധസർക്കാർ / സർക്കാർ അംഗീകൃത / സ്വകാര്യ സ്ഥാപനങ്ങളിൽ ഒരു വർഷത്തിൽ കുറയാത്ത കാലയളവിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നവർക്കു പ്രവേശനത്തിന് മുൻഗണന നല്കണം. പ്രവൃത്തി പരിചയമുള്ളവരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ആദ്യം പ്രവേശനം നൽകേണ്ടതും ബാക്കിയുള്ള സീറ്റുകളിൽ മാത്രം പ്രവൃത്തി പരിചയമില്ലാത്തവരെ പരിഗണിക്കേണ്ടതുമാണ്.

6.25 ഇത്തരത്തിലുള്ള അപേക്ഷകരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ എസ് എസ് എൽ സി പരീക്ഷയുടെ ഗ്രേഡ് പോയിന്റിനൊപ്പം പൂർത്തീകരിച്ച ഓരോ വർഷത്തെ പ്രവൃത്തി പരിചയത്തിനും 1 ഗ്രേഡ് പോയിന്റ് വീതം ആകെ ഗ്രേഡ് പോയിന്റിനൊപ്പം കൂട്ടിച്ചേർത്ത് വേണം റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടത്. പരമാവധി 10 വർഷത്തെ പ്രവൃത്തി പരിചയം മാത്രം പരിഗണിച്ചാൽ മതി.

7. പ്രവേശനം

7.1 തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരുടെ ലിസ്റ്റ് സ്ഥാപനത്തിലെ നോട്ടിസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

7.2 പ്രവേശനത്തിനു വരുമ്പോൾ വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, എന്നിവയോടൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന് SSLC/THSLC തത്തുല്യ യോഗ്യത മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നീ പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്.

7.3 ഈവനിംഗ് പ്രോഗ്രാമിനു പ്രവേശനം ലഭിച്ചിട്ടുള്ളവർ നിബന്ധന 7.2 ൽ സൂചിപ്പിച്ചിരിക്കുന്ന പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കുന്നതിനൊപ്പം ഇനി പറയുന്ന പ്രമാണങ്ങളും ഹാജരാക്കേണ്ടതാണ്. സർക്കാർ / അർദ്ധസർക്കാർ / സർക്കാർ അംഗീകൃത / സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നവർ പ്രവേശന സമയത്ത് അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനത്തിന്റെ / വകുപ്പിന്റെ മേധാവിയിൽ നിന്നും അവർ ടി പ്രോഗ്രാമിനു പഠിക്കുന്നതിന് സ്ഥാപനത്തിന് / വകുപ്പിന് എതിർപ്പില്ലായെന്ന് തെളിയിക്കുന്നതിനുള്ള **"No Objection Certificate"** ഹാജരാക്കണം. കൂടാതെ ഇത്തരത്തിൽ ജോലി ചെയ്യുന്നവർ തങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ / വകുപ്പിന്റെ മേധാവിയിൽ നിന്നും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റും പ്രവേശന സമയത്ത് ഹാജരാക്കണം.

**8. ഫീസ്:** പ്രവേശനം ലഭിക്കുന്നവർ പ്രവേശന സമയത്ത് അടയ്ക്കേണ്ട ഫീസ് : Rs 9150/- {(GO(Rt) No. 311/2013/H.Edn, dated, Thiruvananthapuram 06/03/2013 പ്രകാരം), ഈവനിംഗ് പ്രോഗ്രാമിനു (GO(Rt) No. 1927/2019/H.Edn, dated, Thiruvananthapuram 27/10/2019) പ്രകാരവും}.

**9. അറിയിപ്പ്:** പ്രവേശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും www.polyadmission.org/kgce എന്ന വെബ്സൈറ്റിലും സ്ഥാപനത്തിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപേക്ഷകർക്ക് പ്രത്യേകം അറിയിപ്പുകൾ നൽകുന്നതല്ല. അപൂർണ്ണമായ അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ഒപ്പ്)
**സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്.)**
**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം**